മണ്ണൊലിപ്പു നിവാരണം.

* ന്യ൯. [ഫ്ന്യ] ഡാക്ടർ എ൯. എസ്. പിള്ള : താഴെ പറയുന്നചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

വർഷകാലങ്ങളിലെ മണ്ണൊലിപ്പു നാശങ്ങളിൽനിന്നും പരിഹാരം നേടാൻ വേണ്ട മണ്ണൊലിപ്പു നിവാരണപദ്ധതികൾ ഈ രാജ്യത്തിന്റെ ഏതെങ്കിലും ഭാഗത്തു ഗവണ്മെന്റ ചെയ്യുന്നുണ്ടോ ? ഉണ്ടെങ്കിൽ എവിടെ, എങ്ങിനെ ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) : മണ്ണൊലിപ്പ് നിവാരണം സംബന്ധിച്ച് പറയ ക്ക ജോലികളൊന്നും ചെയ്യാൻ സാധിച്ചിട്ടില്ല. പക്ഷെ, പ്രസ്തുത ആ ശ്യത്തിലേയ്ക്കു ഗവണ്മെന്റിൽനിന്നു ഫ൯ഒ൦ലെ ന്യൂ-൦നമ്പർ തിരുവിതാംകൂർ-കൊച്ചി ലാന്റ് ഡെവലപ്പുമെന്റ അക്ട് പാസ്സാക്കുകയും ആ അക്ടിലെ വ്യവസ്ഥകളെ നടപ്പിലാക്കുവാൻ ഒരു ലാന്റ് ഡെവലപ്പുമെന്റ് ബോർഡ് രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. പല മണ്ണൊലിപ്പു നിവാരണപദ്ധതികളും ബോർഡിന്റെ പരിഗണനയിൽ ഇരിക്കുകയാണ്.

ശ്രീ. എ. തങ്കപിള്ള : കമ്മ്യൂണിറ്റി പ്രോജക്ട് ഏരിയായിൽ മണ്ണൊലിപ്പു നിരോധിക്കാൻവേണ്ടി എർപ്പാടുകളൊന്നുമില്ലേ ?

ശ്രീ. എ. ജെ. ജാൺ : എർപ്പാടുകൾ ചെയ്തിട്ടുണ്ട്. പക്ഷെ, ഈ കാര്യം കമ്മ്യൂണിറ്റി പ്രോജക്ട് സ്കീമിൽ ഉൾപ്പെട്ടതല്ല.

പെരുഞ്ഞാണി അണയിലെ ഷട്ടറുകൾ.

* ൧൦. [ഫ്വ] ശ്രീ. എം. എ൯. ഗോവിന്ദൻനായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരുഞ്ഞാണി അണയിലെ ഷട്ടറുകൾ ഉപയോഗശൂന്യമായിതീർന്നിട്ടുണ്ടോ ;

(ബി) ആ ഷട്ടറുകൾക്കായി എത്ര ലക്ഷം രൂപാ ചെലവായിട്ടുണ്ട് ;

(സി) ഷട്ടറുകൾ പണിയുന്നതിൽ മേൽനോട്ടം വഹിച്ചിരുന്നതു ഏതു് ഉദ്യോഗസ്ഥനാണ് ;

ഗതാഗതവും പൊതുമരാമത്തും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ : (എ) ഇല്ല.

(ബി) ൪൫,൫൭൯ രൂപാ൯ അണ. ൪ പൈസ ചെലവായിട്ടുണ്ട്.

(സി) ഷട്ടറുകൾ നിർമ്മിച്ചതു് ജർമ്മനിയിലായിരുന്നു. ഷട്ടറുകളുടെ നിർമ്മാണവേളയിൽ ഗവണ്മെന്റ മേൽനോട്ടം വഹിച്ചിട്ടില്ല.

ശ്രീ. എ. കെ. ചെല്ലയ്യാ : ഈ വർഷത്തിൽ പെരുഞ്ഞാണി അണയിലെ വെള്ളം ഇറക്കാൻ താമസം ഉണ്ടായതു് അവിടത്തെ ഷട്ടറുകൾ ഇളക്കാൻ പരിചയമില്ലാത്ത ജോലിക്കാരെ ഏർപ്പെടുത്തിയതുകൊണ്ടല്ലേ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : അതുകൊണ്ടല്ല.

ശ്രീ. എ. കെ ചെല്ലയ്യാ : ഷട്ടറുകൾ ഇറക്കാൻവേണ്ടി പകലും രാത്രിയും അനേകം കൂലിക്കാർ അവിടെയിരുന്നു ജോലി ചെയ്തില്ലേ ;

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കളത്തിൽ വേലായുധൻ നായർ : കൂലിക്കാർ അവിടെ യിരുന്ന ജോലി ചെയ്യുന്നു ഷട്ടറുകൾ താഴ്ക്കാൻ വേണ്ടിയല്ല. അണയുടെ ജോലികൾ പൂർത്തിയാക്കാൻ വേണ്ടിയാണു്. ഷട്ടറുകൾക്കു് പാറിയിട്ടുള്ള ചില കേടുപാടുകൾ തീർക്കുന്നതിനും കൂലിക്കാർ ജോലി ചെയ്തിട്ടുണ്ടു്.

ശ്രീ. എ. കെ. ചെല്ലയ്യാ : ഷട്ടറുകൾക്കു് പാറിയിട്ടുള്ള കേടുപാടുകൾ തീർക്കാൻവേണ്ടി ഇത്ര വലിയ ജനക്കൂട്ടം രാത്രിയും പകലും ജോലി ചെയ്യേണ്ടതായിട്ടുണ്ടോ ?

ശ്രീ. കളത്തിൽ വേലായുധൻനായർ : ഷട്ടറുകൾ താഴ്ക്കുന്നതിനു വേണ്ടി എത്രയും ആളുകൾ മാത്രമേ അവിടെ ജോലി ചെയ്തിരുന്നൊള്ളൂ. ഞാൻ പറയുന്നതു്, ടെംപറി ഷട്ടറിന്റെ കാര്യമാണു്. മെയിൻ ഷട്ടറിൽ ഒരു കമ്പു് എങ്ങനെയോ കയറിയിരുന്നതുനിമിത്തം വെള്ളം ശീഘ്രഗതിയിൽ പോകുന്നതിനു തടസ്സം ഉണ്ടായി. ഒടുവിൽ ഷട്ടർ താഴ്ന്ന അകത്തിരുന്ന കമ്പു് വെള്ളിയിൽ കളയുകയും അതോടുകൂടി കേടുകൾ തീരുകയും ചെയ്യുകയുണ്ടായി. അതിനുമുമ്പുതന്നെ ഇൻജിനിയറിംഗു് വിദഗ്ദ്ധന്റെ നിർദ്ദേശത്താൽ പമ്പുചെയ്തു ആവശ്യമുള്ള വെള്ളം അണയിൽ കയറ്റുകയും ചെയ്തിരുന്നു. ഈ കാര്യങ്ങൾ കാണുന്നതിനു കുറെയാളുകൾ അവിടെ കൂടിയിരുന്ന എന്നല്ലാതെ ബഹുമാനപ്പെട്ട മെംബർ പറഞ്ഞതുപോലെ ഷട്ടർ താഴ്ക്കാൻ അറിഞ്ഞുകൂടാത്ത ആളുകളെ നിയോഗിച്ചതുമൂലം ഉണ്ടായ ആൾക്കൂട്ടമല്ലായിരുന്നു അതു്.

ശ്രീ. എ. കെ. ചെല്ലയ്യാ : ഈ ഷട്ടർ താഴ്ക്കാൻ എത്രദിവസത്തെ താമസമുണ്ടായി എന്നു പറയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : ൨൪ മണിക്കൂർമാത്രമേ താമസമുണ്ടായിരുന്നുള്ളൂ.

Minimum Wages Committee.

*71. [19] **Shri C. Sankar** : Will the Minister for Local Self-Government be pleased to state :

(*a*) what are the recommendations of the Minimum Wages Committee for Municipal workers ;

(*b*) when was the report of the Committee submitted to Government ; and

(*c*) what decisions have the Government taken regarding those recommendations ?

Minister for Local Self-Government (**Shri K. Kochukuttan**):

(*a*) The recommendations are still under the consideration of Government. They cannot, therefore, be disclosed at this stage.

(*b*) 15—8—1952.

(*c*) No decision has yet been taken.

ஸ்ரீ. சி. சங்கர்: அதைப்பற்றி ஓர் தீர்மானத்துக்கு வர எவ்வளவு காலம் பிடிக்கும்?

LIBRARY ARCHIVES Kerala Legislative Assembly